കൗൺസിലും മുനിസിപ്പാലിറ്റിയും തമ്മിൽ ചില തർക്കങ്ങളുണ്ടായി. തർക്കം പരിഹരിച്ച് -1983-ൽ ഡിപ്പാർട്ടുമെന്റിൽനിന്ന് അയച്ച അലൈൻമെന്റ് അംഗീകരിച്ച് ഗവൺമെന്റ് പാലം പണിയുന്നതിന് അംഗീകാരവും നൽകി. ഇത്രയുമായപ്പോൾ പഴയ കോൺട്രാക്ടർ പണി ചെയ്യാൻ വിസമ്മതിച്ചു. അദ്ദേഹം കോടതിയെ സമീപിച്ചു. കോൺട്രാക്ട് അവസാനിപ്പിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. പുതിയ എസ്റ്റിമേറ്റ് 19,13 000 രൂപയ്ക്കാണ്. അതിന് ഭരണാനുമതി നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചു വരുന്നു. ഇതിലൊരു ഡീവിയേഷൻ റോഡ് ഉണ്ടാക്കുന്ന ചെലവു കൂടി പുതിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഡീവിയേഷൻ ഉണ്ടാക്കാതെ പാലം പൊളിച്ചുപണിയാൻ സാധിക്കാത്ത സാഹചര്യമാണ്. ഭൂമി എത്രയും വേഗം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പണിക്ക് ഇക്കൊല്ലത്തെ ബഡ്ജറ്റിൽ തുകയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പാലം പൊളിച്ച് പണിയാനുള്ള ബാക്കി നടപടികൾ സ്വീകരിക്കാൻ കഴിയും.

V. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ജലമലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള കേരള സംസ്ഥാന ബോർഡിന്റെ 1981-82-ലേക്കുള്ള വാർഷിക റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, റൂൾ 304 പ്രകാരം ഞാനും ശ്രീ. എം. വി. രാഘവനും ശ്രീ. കെ. പി. പ്രഭാകരനും ശ്രീ. ബേബി ജോണും ശ്രീ. കെ. ജെ. ജോർജും ഒപ്പിട്ട ഒരു സബ്മിഷൻ തന്നിരുന്നു

മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഹൈക്കോടതി ജഡ്ജിയുമായി മുഖ്യമന്ത്രിയുടെ ടെലഫോണിൽനിന്ന് ബന്ധപ്പെട്ടു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളമുള്ളതാണ്. മുഖ്യമന്ത്രി ഇറക്കിയ പ്രസ്താവനയെ തുടർന്ന്........ ബഹളം..........

മി. സ്പീക്കർ: അങ്ങ് സബ്മിഷൻ ഉന്നയിച്ചത് അനുവദിച്ചിട്ടില്ല............ബഹളം..........

ശ്രീ. എ. സി. ഷൺമുഖദാസ്: മുഖ്യമന്ത്രി ഇറക്കിയ പ്രസ്താവനയെ തുടർന്ന് ടെലഫോൺ ജനറൽ മാനേജരുടെ പ്രസ്താവന വന്നിരിക്കുന്നു. ആ പ്രസ്താവനയിൽ മുഖ്യമന്ത്രി പറഞ്ഞത്. ....ബഹളം..........

മി. സ്പീക്കർ: അങ്ങ് ദയവായി ഇരിക്കൂ. സബ്മിഷൻ ഉന്നയിക്കാൻ അങ്ങയെ അനുവദിച്ചിട്ടില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: അദ്ദേഹം പറയുന്നത് ഫാൾട്ട് റിക്കാർഡ് അവിടെ കണ്ടില്ലെന്നാണ്. മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതിൽനിന്ന് വ്യത്യസ്തമാണ്. അതിനുശേഷം ഒരു ലൈൻമാനെ പിടിച്ച് കസ്റ്റഡിയിൽ വച്ചിരിക്കുന്നു.........ബഹളം..........

LIBRARY ARCHIVES Kerala Legislative Assembly

സർ, കോടതിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. മുഖ്യമന്ത്രി ഇന്നലെ പറഞ്ഞത് ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ വന്ന വാർത്തയായതുകൊണ്ട് അന്വേഷണം ഇല്ല എന്നാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഒഴിയാൻ ശ്രമിക്കുകയാണ്..........ബഹളം..........

മി. സ്പീക്കർ: അങ്ങയെ അനുവദിച്ചിട്ടില്ല.

ശ്രീ. എ സി. ഷൺമുഖദാസ്: മുഖ്യമന്ത്രി ഒഴിഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുകയാണ്..........ബഹളം..........

മി. സ്പീക്കർ: ഓർഡർ, ഓർഡർ ബഹുമാനപ്പെട്ട ശ്രീ. ബേബിജോൺ, ശ്രീ. എ സി. ഷൺമുഖദാസ്, ശ്രീ. എം. വി. രാഘവൻ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. കെ. ജെ. ജോർജ് എന്നീ അംഗങ്ങൾ ചെയറിനോട് റൂൾ 304 അനുസരിച്ച് ഈ പ്രശ്നം ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ചെയർ അത് അനുവദിച്ചിട്ടില്ല. തന്നെയുമല്ല ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അത് ഉന്നയിക്കാനുള്ള യാതൊരു സാഹചര്യവും ഇല്ല..........ബഹളം...........ചെയർ അനുവദിച്ചിട്ടില്ല.

അടിയന്തിരപ്രമേയത്തിന് നോട്ടീസ് തന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചതാണ്........ബഹളം..........ദയവായി അംഗങ്ങൾ ഇരിക്കണം. ബഹുമാനപ്പെട്ട കക്ഷിനേതാക്കൻമാർ ദയവായി ഇരിക്കണം..........ബഹളം..........

VI. റിപ്പോർട്ട് സമർപ്പണം

(1) 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മറ്റി റിപ്പോർട്ട്

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിന്റെ കോപ്പിയും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു..........ബഹളം..........

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ റിപ്പോർട്ട്

ശ്രീ. പി. പി. തങ്കച്ചൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി (ശ്രീ. പി. സീതിഹാജി) ഞാൻ സമർപ്പിക്കുന്നു..........ബഹളം..........

മി. സ്പീക്കർ: ഈ കാര്യം ഉന്നയിക്കാൻ നിങ്ങളെ ആരെയും ചെയർ അനുവദിച്ചിട്ടില്ല. ദയവായി ചെയറിനോട് സഹകരിക്കണം. ....ബഹളം..........

LIBRARY ARCHIVES Kerala Legislative Assembly